പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1326

13.07.2016 ൽ
മറുപടിക്ക്

## പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| എ) | കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന്റെ പ്രവർത്തന പരിധിയിൽ വരുന്ന പ്രദേശങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) | കരുനാഗപ്പള്ളി, അയണിവേലികുളങ്ങര, ആദിനാട്, കുലശേഖരപുരം, പാവുമ്പ, തൊടിയൂർ, കല്ലേലിഭാഗം, തഴവ, ആലപ്പാട്. |
| ബി) | ഇത്രയും ജനസംഖ്യയുമുള്ള പ്രദേശത്തെ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ഇടുങ്ങിയ കെട്ടിടത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | തൊണ്ടി വസ്തുക്കളും മറ്റും അടങ്ങിയ വാഹനങ്ങൾ കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന് സമീപം ഹൈവേയിൽ സൂക്ഷിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | തൊണ്ടി വസ്തുക്കളും മറ്റും അടങ്ങിയ വാഹനങ്ങൾ കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന് പുറകിലായി,പോലീസ് ക്വാർട്ടേഴ്സ് ഗ്രൗണ്ടിലാണ് സൂക്ഷിച്ചുവരുന്നത്. |
| ഡി) | വിശാലമായ പ്രവർത്തന പരിധിയുള്ള പ്രസ്തുത പോലീസ് സ്റ്റേഷന്റ പ്രവർത്തന പരിധി വിഭജിച്ച് പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ